**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6740** **11-11-2021 - ൽ മറുപടിയ്ക്ക്**

**റെയിൽവേ വികസനത്തിലെ കേന്ദ്ര അവഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽവേ വികസനത്തോട് കേന്ദ്രം വിമുഖത കാട്ടുന്നു എന്ന ആക്ഷേപത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാനത്തെ പ്രധാന റെയിൽവേ വികസന പദ്ധതികളായ സിൽവർലൈൻ (അർദ്ധ അതിവേഗ റെയിൽ) തിരുവനന്തപുരം - കാസർകോട് പദ്ധതി, തലശ്ശേരി - മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ - നഞ്ചൻകോട് പദ്ധതി, അങ്കമാലി - ശബരി റെയിൽ പദ്ധതി എന്നിവയെല്ലാം റെയിൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പദ്ധതികളാണ്. റെയിൽവേയുടേയും സംസ്ഥാന സർക്കാരിൻറെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡാണ് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ ചുമതല നൽകിയിരിക്കുന്നത്. റെയിൽ പദ്ധതികളുടെയെല്ലാം പുരോഗതിക്കും, വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആയി പ്രസ്തുത സംയുക്ത സംരംഭ കമ്പനി വഴി വിശദ പദ്ധതി രൂപരേഖ, റെയിൽ മന്ത്രാലയവുമായുള്ള ഏകോപനം, നിരന്തര ചർച്ചകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ റെയിൽ പാത ഇരട്ടിപ്പിക്കൽ, നവീകരണ പ്രവൃത്തി തുടങ്ങിയ വികസന പ്രവർത്തനങ്ങളെല്ലാം ഇന്ത്യൻ റെയിൽവേ അതത് സോണൽ റെയിൽവേ മുഖേന നടത്തിവരുന്നുമുണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കേണ്ട പിന്തുണ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ നിരന്തരമായ ഇടപെടലുകളും സമ്മർദ്ദവും ചെലുത്തി വരുന്നു. |
| (ബി) | ഗ്രാമീണ മേഖലയ്ക്ക് ഗുണം ചെയ്യുന്ന അമ്പലപ്പുഴ-എറണാകുളം പാതയിരട്ടിപ്പക്കൽ തുടങ്ങി അനേകം പദ്ധതികൾക്ക് തുച്ഛമായ തുക മാത്രം വകയിരുത്തി സംസ്ഥാനത്തെ അവഗണിക്കുന്ന കേന്ദ്ര നയം തിരുത്തിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ റെയിൽവേ പാതകൾ ഇരട്ടിപ്പിക്കലിന്റെ ഭാഗമായി സർക്കാർ തലത്തിലും അതത് ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിലും കൃത്യമായ ഇടവേളകളിൽ തുടർച്ചയായി അവലോകന യോഗങ്ങൾ നടത്തിവരുന്നു. 26.07.2021 ൽ ചീഫ് സെക്രട്ടറി സതേൺ റെയിൽവേ ജനറൽ മാനേജരും മറ്റ് ഉന്നത |

ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു. കായിക വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 04.09.2021 ൽ നടത്തിയ ചർച്ചയിലും ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ താഴെപറയും പ്രകാരം പാത ഇരട്ടിപ്പിക്കൽ പ്രവർത്തനം നടന്നു വരുന്നു. എറണാകുളം - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിനായി 32 ഹെക്ടർ 19 ആർസ് 84 ച.മീ സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിരുന്നുവെങ്കിലും നിലവിൽ കുമ്പളം - തുറവൂർ റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി 8 ഹെക്ടർ 66 ആർസ് 2 ച.മീ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് ജില്ലയിൽ നടന്നു വരുന്നത്. കോടന്തുരുത്ത് വില്ലേജിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും, റെയിൽവേ അലൈൻമെന്റ് കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ച് ബന്ധപ്പെട്ട റിക്കാർഡുകൾ പൂർണ്ണമായി നൽകിയിട്ടില്ലാത്തതാണ്. എറണാകുളം - കുമ്പളം റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് 5.87 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. റെയിൽവേ എൽ.എ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് സർവ്വേ നടപടികളും SIA പഠനത്തിനുള്ള നടപടികൾ തുടങ്ങുന്നതാണ്. കോട്ടയം ജില്ലയിൽ നാളിതുവരെ 40.76.77 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറി. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കൽ, സബ്-വേ നിർമ്മാണം, അത്രർ ബ്രിഡ്ജ് നിർമ്മാണം എന്നിവയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക ഭൂവുടമകൾക്ക് കൈമാറിയിട്ടുള്ളതാണ്. എറണാകുളം ജില്ലയിൽ തീരദേശ പാതകളുടെ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികൾ ഉണ്ടായിട്ടില്ലാത്തതാണ്. കായംകുളം - എറണാകുളം തീരദേശപാതയിൽ (50%), കായംകുളം - അമ്പലപ്പുഴ വരെയും കായംകുളം - കോട്ടയം - എറണാകുളം റെയിൽപ്പാതയിൽ കായംകുളം - ചിങ്ങവനം വരെയും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ പാതഇരട്ടിപ്പിക്കൽ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രി തലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥ തലത്തിലും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനം ഏകോപിപ്പിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ റെയിൽവേ പാതഇരട്ടിപ്പിക്കൽ പ്രവർത്തി വൈകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ